"ഭരണഭാഷ-മാതൃഭാഷ"

No.DWCD/5655/2022-WEC2

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 07/12/2022
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

## പരിപത്രം

വിഷയം:- വനിത ശിശുവികസന വകുപ്പ്-IEC 2022-23-സ്ത്രീധന നിരോധന ദിനം Orange the World Campaign-സ്ത്രീധന നിരോധന സ്റ്റിക്കറുകൾ അച്ചടിച്ച് വിതരണം ചെയ്യുന്നത്-സംബന്ധിച്ച്

സൂചന:- 1. വനിതാ ശിശു വികസന ഡയറക്ടറുടെ 18/11/2022 ലെ DWCD/1508/2022 WEC 1(1) നം. ഉത്തരവ്
2. വനിതാ ശിശു വികസന ഡയറക്ടറുടെ 22/11/2022 ലെ DWCD/5655/2022 WEC2 നം. ഉത്തരവ്
3. 24/11/2022 ലെ സി.ഡി.എൻ 4/176/2022/പൊഭവ നം. സർക്കാർ പരിപത്രം

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ, ലിംഗ വിവേചനം, സ്ത്രീധനമെന്ന ദുരാചാരം എന്നിവ സമൂഹത്തിൽ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ 2022-23 വർഷത്തിൽ സ്ത്രീധന സമ്പ്രദായം, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ എന്നിവ തടയുന്നതിൽ ഊന്നൽ നൽകിയുള്ള വിപുലമായ ക്യാമ്പയിനാണ് വകുപ്പ് നടത്തുവാൻ ഉദ്ദേശിക്കുന്നത്.

സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളും ലിംഗവിവേചനവും അവസാനിപ്പിക്കുന്നതിനായി "ORANGE THE WORLD CAMPAIGN " - " End Violence against Women Now" ന്റെ ഭാഗമായി നവംബർ 25 (INTERNATIONAL DAY FOR THE ELIMINATION OF VIOLENCE AGAINST WOMEN) മുതൽ ഡിസംബർ 10 ( HUMAN RIGHTS DAY( വരെ നീണ്ടു നിൽക്കുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്ത്രീധന നിരോധന ക്യാമ്പയിന്റെ തുടക്കമായുള്ള സ്റ്റിക്കറുകൾ അച്ചടിച്ച് ഓരോ ജില്ലയിലേയും ഓരോ അങ്കണവാടി ഏരിയയിലെ 25 വീതം വീടുകളിൽ പതിപ്പിക്കുന്നത് വകുപ്പിന്റെ സ്ത്രീധനത്തിനെതിരായുള്ള പോരാട്ടങ്ങളിൽ മുതൽക്കൂട്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തൊട്ടാകെയുള്ള 33115 അങ്കണവാടികളിൽ, അങ്കണവാടി ഒന്നിന് 25 സ്റ്റിക്കറുകള് വീതം വിതരണം ചെയ്യുന്നതിനായി സ്റ്റിക്കറുകൾ അച്ചടിച്ച് ചുവടെ വിവരിക്കും പ്രകാരം ജില്ലാ ഓഫീസുകളിൽ വിതരണം ചെയ്യുന്നതിനായി സൂചന(2) പ്രകാരം C Apt നെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

| Sl.No | Name of District | No. of AWCs Functioning | Number of stickers to be distributed in each district |
|---|---|---|---|
| 1 | Thiruvananthapuram | 3061 | 76525 |
| 2 | Kollam | 2723 | 68075 |
| 3 | Pathanamthitta | 1389 | 34725 |
| 4 | Alappuzha | 2150 | 53750 |
| 5 | Kottayam | 2050 | 51250 |
| 6 | Idukki | 1561 | 39025 |
| 7 | Ernakulam | 2858 | 71450 |
| 8 | Thrissur | 3016 | 75400 |
| 9 | Palakkadu | 2835 | 70875 |
| 10 | Malappuram | 3808 | 95200 |
| 11 | Wayanadu | 874 | 21850 |
| 12 | Kozhikodu | 2938 | 73450 |
| 13 | Kannur | 2504 | 62600 |
| 14 | Kasargodu | 1348 | 33700 |
| | TOTAL | 33115 | 827875 |

ചുവടെ വിവരിക്കും പ്രകാരം ജില്ലാ ഓഫീസർമാർ, പ്രോഗ്രാം ഓഫീസർമാർ, സി.ഡി.പി.ഒ മാർ എന്നിവർ ചുമതലകൾ നിർഹിക്കേണ്ടതാണ്.

1. C-Apt വിതരണം നടത്തുന്ന പ്രസ്തുത സ്റ്റിക്കറുകൾ ഡിസംബർ 10-ാം തീയതിയ്ക്ക് മുമ്പ് ജില്ലാ വനിത ശിശുവികസന ഓഫീസർമാർ സി.ഡി.പി.ഒ മാർക്ക് കൈമാറേണ്ടതാണ്.
2. C-apt ൽ നിന്നും സ്റ്റിക്കറുകൾ ലഭ്യമാകുന്ന മുറയ്ക്ക് കൈപ്പറ്റ് രസീത് ഈ കാര്യാലയത്തിൽ അയച്ചു തരേണ്ടതാണ്.
3. സൂചന(1) ലെ നിർദ്ദേശ പ്രകാരം പ്രോഗ്രാം ഓഫീസർമാർ സ്റ്റിക്കറുകൾ ശിശു വികസന പദ്ധതി ഓഫീസർമാർക്ക് ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
4. പ്രസ്തുത സ്റ്റിക്കറുകൾ ഒരോ അങ്കണവാടി പരിധിയിൽപ്പെട്ട 25 വീട്ടുകളിൽ പതിപ്പിക്കുവാൻ നിർദ്ദേശം നൽകേണ്ടതാണ്.
5. സ്ത്രീധനമെന്ന അനാചാരത്തെ സമൂഹത്തിൽ നിന്നും തുടച്ചു മാറ്റുന്നതിനും, സമൂഹത്തിന്റെ ചിന്താഗതികളെ സ്വാധീനിക്കുന്നതിനുമായുള്ള വകുപ്പിന്റെ യത്നങ്ങളിൽ യുവാക്കളെ ഭാഗമാക്കുന്നത് കൂടുതൽ ഫലപ്രദമാകും എന്നതിനാൽ ഓരോ അങ്കണവാടി ഏരിയയിലേയും അഡോളസെന്റ്

ക്ലബ്ബുകൾ, യൂത്ത് ക്ലബ്ബുകൾ, വായനാശാലകൾ എന്നിവയുമായി ബന്ധപ്പെട്ട യുവാക്കളെ "ORANGE THE WORLD CAMPAIGN "ൽ പങ്കാളികളാക്കേണ്ടതാണ്. ടി യുവതയുടെ സഹായത്തോടെയാകണം ടി സ്റ്റിക്കറുകൾ വീടുകളിൽ പതിപ്പിക്കേണ്ടത്.

6. സ്റ്റിക്കറുകൾ പതിപ്പിക്കും മുമ്പ് വീട്ടുകാർക്ക് താൽപര്യമുള്ളപക്ഷം അങ്കണവാടി വർക്കർ സൂചന(3) പ്രകാരമുള്ള പ്രതിജ്ഞ ടി വീട്ടിലെ താമസക്കാരെക്കൊണ്ട് ചൊല്ലിക്കേണ്ടതാണ്.

7. അതത് ജില്ലകളിലെ കളക്ടർ, സ്റ്റിക്കറുകൾ പതിപ്പിച്ച വീട്ടുകൾ സന്ദർശിക്കുന്നതിനായി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

8. അങ്കണവാടി വർക്കർ മേൽ വിവരിച്ചും പ്രകാരമുള്ള പ്രവർത്തികൾ നിർവഹിക്കുന്നുണ്ടോ എന്നും, അച്ചടിച്ച വിതരണം നടത്തിയ മുഴുവൻ സ്റ്റിക്കറുകളും പതിപ്പിച്ചെന്നും പ്രോഗ്രാം ഓഫീസർ ഉറപ്പ് വരുത്തി ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസറെ അറിയിക്കേണ്ടതാണ്. .

9. ജില്ലാ വനിതാ ശിശു വികസന ഓഫീസർ പ്രോഗ്രാം ഓഫീസറിൽ നിന്നും സ്റ്റിക്കർ ഒട്ടിച്ചതിന്റെ എണ്ണം, വീടുകളുടെ വിലാസം, സ്ഥലം എന്നിവ ലഭ്യമാക്കി ക്രോഡീകരിച്ച് ഈ കാര്യാലയത്തിൽ wcdwec@gmail.com എന്ന ഇമെയിൽ വിലാസത്തിലേയ്ക്ക് അയച്ചു തരേണ്ടതാണ്.

10.സ്റ്റിക്കർ ക്യാമ്പയിന്റെ മേൽനോട്ടം അതത് ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കായിരിക്കും.

(ഒപ്പ്)

വനിത ശിശു വികസന ഡയറക്ടർ

1. എല്ലാ സി.ഡി.പി.ഒ മാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും
4. സ്റ്റോക്ക് ഫയൽ/സ്പെയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്